## Std. 5 - Chapter 10 - Revision - Main points

# പാഠം 10: വാഗ്ദത്ത ഭൂമിയിൽ

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | ഇസ്രായാൽക്കാരുടെ അവിശ്വസ്തതയ്ക്കു പ്രായശ്ചിത്തം ചെയ്തുകൊണ്ട് അവരുടെ മക്കൾ എത്ര വർഷം മരുഭൂമിയിൽ നാടോടികളായി അലഞ്ഞുതിരിയും എന്നാണ് ദൈവം പറഞ്ഞത് ? | നാൽപതുവർഷം |
| 2 | (1) മോശ എങ്ങനെയുള്ള പ്രവാചകനായിരുന്നു? | കർത്താവുമായി മുഖാഭിമുഖം സംസാരിച്ച പ്രവാചകനായിരുന്നു മോശ. ജനത്തിന്റെ തെറ്റിന് അദ്ദേഹം പ്രായശ്ചിത്തം അനുഷ്ഠിച്ചിരുന്നു. ഇസ്രായേൽക്കാരുടെ വിഗ്രഹാരാധനയ്ക്കു പരിഹാരമായി നാൽപതുദിവസം ഉപവസിച്ചു പ്രാർത്ഥിച്ച നേതാവാണ് മോശ. |
| 3 | എവിടെ നിന്നുകൊണ്ടാണ് മോശ വാഗ്ദത്ത ദേശം കണ്ടത് ? | നെബു മലയിൽ നിന്നുകൊണ്ട് |
| 4 | മരുഭൂമിയിൽവെച്ചു മരിച്ച മോശയെ സംസ്കരിച്ചത് എവിടെയാണ്? | മൊവാബ് ദേശത്തുള്ള താഴ്‌വരയിൽ |
| 5 | (2). ഇസ്രായേലിനെ നയിക്കുവാൻ ദൈവം മോശയുടെ പിൻഗാമിയായി ആരെയാണ് നിയോഗിച്ചത്? | നൂനിന്റെ പുത്രനായ ജോഷ്വയെ |
| 6 | ഏതു നദിയുടെ തീരത്തുള്ള സ്ഥലമാണ് മൊവാബ്. | ജോർദ്ദാൻ നദിയുടെ |
| 7 | ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമായിരുന്നു ..... | വാഗ്ദാനപേടകം |
| 8 | ........................... ജലത്തെ സ്പർശിച്ച നിമിഷം തന്നെ ഒഴുക്കു നിലച്ചു. ജോർദ്ദാൻ നദിയിൽ വരണ്ട ഭൂമി കാണപ്പെട്ടു. | പുരോഹിതന്മാർ |
| 9 | ഇസ്രായേൽജനം വരണ്ട നിലത്തുകൂടെ നദി കടന്നപ്പോൾ കർത്താവിന്റെ .................. വഹിച്ചുകൊണ്ട് പുരോഹതിന്മാർ ജോർദ്ദാന്റെ മധ്യത്തിൽ വരണ്ട നിലത്തുനിന്നു. സർവരും ജോർദ്ദാൻ കടക്കുന്നതുവരെ അവർ അവിടെ നിന്നു (ജോഷ്വ 3:16–17). | വാഗ്ദാനപേടകം |
| 10 | (3) എന്തിന്റെ ഓർമ്മയ്ക്കായിട്ടാണ് ജോഷ്വ ഗിൽഗാലിൽ സ്മാരകം നിർമ്മിച്ചത്? | ഇസ്രായേൽജനം അത്ഭുതകരമായി ജോർദ്ദാൻ നദി കടന്നതിന്റെ ഓർമ്മയ്ക്കായിട്ടാണ് ജോർദ്ദാനിൽ നിന്ന് ശേഖരിച്ച പന്ത്രണ്ടു കല്ലുകൾ കൊണ്ട് ജോഷ്വ ഗിൽഗാലിൽ സ്മാരകം നിർമ്മിച്ചത്. |

| | | |
|---|---|---|
| 11 | സ്മാരകം ഉണ്ടാക്കിയ സ്ഥലത്തിന് . . . . . . എന്ന പേരു ലഭിച്ചു | **ഗിൽഗാൽ** |
| 12 | എവിടെ താമസിച്ചുകൊണ്ടാണ് ഇസ്രായേൽക്കാർ കാനാൻദേശം കീഴടക്കിയത്?. | **ഗിൽഗാലിൽ താമസിച്ചുകൊണ്ടാണ് ഇസ്രായേൽക്കാർ കാനാൻദേശം കീഴടക്കിയത്.** |
| 13 | കാനാൻദേശത്തെ ഏതു പട്ടണമായിരുന്നു ഇസ്രായേൽക്കാർ ആദ്യം കീഴടക്കിയത്? | **ഉയരത്തിലുള്ള കോട്ടകളാൽ ചുറ്റപ്പെട്ട ജറീക്കോ എന്ന പട്ടണമായിരുന്നു അവർ ആദ്യം കീഴടക്കിയത്.** |
| 14 | ദൈവം അബ്രാഹത്തിനു നൽകിയ വാഗ്ദാനങ്ങളിൽ അവസാനത്തേതായിരുന്ന തേനും പാലും ഒഴുകുന്ന കാനാൻദേശം അദ്ദേഹത്തിന്റെ സന്തതിപരമ്പരയ്ക്കു അവകാശമായി നൽകുമെന്ന ദൈവത്തിന്റെ വാഗ്ദാനം എപ്പോഴാണ് നിറവേറിയത്? | **ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രയേൽക്കാർ കൈവശമാക്കിയ ഭൂമിയെല്ലാം ജോഷ്വ ഇസ്രയേലിലെ പന്ത്രണ്ടുഗോത്രങ്ങൾക്കുമായി ഭാഗിച്ചു കൊടുത്തപ്പോൾ.** |
| 15 | തേനും പാലും ഒഴുകുന്ന ദേശം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? | **ദൈവാനുഗ്രഹങ്ങൾ നിറഞ്ഞ നാട്** |
| 16 | (4) ഓരോ മനുഷ്യന്റേയും അന്തിമമായ ലക്ഷ്യമെന്ത്? | **ലോകത്തിലുള്ള എല്ലാ മനുഷ്യരുടെയും ജീവിതലക്ഷ്യം സ്വർഗമാണ്. ദൈവിക സാന്നിദ്ധ്യത്തിന്റെ കൂടാരമായ സ്വർഗത്തിൽ എത്തിച്ചേരുക എന്നതാണ് ഓരോ മനുഷ്യന്റെയും അന്തിമമായ ലക്ഷ്യം.** |
| 17 | പഴയനിയമജനതയുടെ ചരിത്രം നമുക്ക് നൽകുന്ന സന്ദേശം എന്താണ്? | **പ്രതിസന്ധികളെ അതിജീവിക്കുന്നതിനുള്ള ശക്തി ദൈവത്തിൽ നിന്ന് സ്വീകരിച്ച് സ്വർഗീയ ജറുസലേം ലക്ഷ്യമാക്കി നാം ജീവിക്കണം. ഒടുവിൽ സ്വർഗീയ സന്തോഷത്തിൽ പങ്കുകാരാകണം.** |

**ശ്രദ്ധിക്കുക:** പാഠത്തിന്റെ സംഗ്രഹമാണ് ചോദ്യോത്തരരൂപത്തിൽ കൊടുത്തിരിക്കുന്നത്. ചോദ്യത്തിലും ഉത്തരത്തിലും മറ്റു പല ചോദ്യോത്തരങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. ചോദ്യം എങ്ങനെയുള്ളതായാലും (ഉദാ: ഒറ്റവാക്കിൽ ഉത്തരം എഴുതുക, ബ്രാക്കറ്റിൽ നിന്നും ഉത്തരം എടുത്തെഴുതുക, പട്ടിക ക്രമപ്പെടുത്തുക, ഫ്ളോചാർട്ട് പൂർത്തിയാക്കുക, ഉത്തരം എഴുതുക, പദസൂര്യൻ പൂർത്തിയാക്കുക, ജീവചരിത്രം പൂർത്തിയാക്കുക, ഖണ്ഡിക എഴുതുക മുതലായവ) അത് വായിച്ചു മനസ്സിലാക്കി ചോദ്യത്തിനനുസരിച്ച് ശരിയായ ഉത്തരമെഴുതുക. പുസ്തകം വായിച്ചതിനുശേഷമാണ് പാഠത്തിന്റെ സംഗ്രഹം പഠിക്കേണ്ടത്.